ഉത്തരം

(എ) പൂർത്തിയായി.

(ബി) എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിക്കാണ് നൽകിയത്.

(സി) ഇല്ല.

(ഡി) 10-8-1995-ൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ കരാർ പ്രസ്തുത കമ്പനിക്ക് നൽകിയത്.

(ഇ) പദ്ധതിക്കാവശ്യമായ പ്രധാനപ്പെട്ട യന്ത്രഭാഗങ്ങളുടെ വിതരണം, പദ്ധതിക്കുള്ള സാങ്കേതിക സഹായം, നിർമ്മാണ മേൽനോട്ടം എന്നിവ എസ്. എൻ. സി. ലാവലിൻ എന്ന കമ്പനിയേയും നിർമ്മാണ ജോലികൾ ടെൽക്, പി. ഇ. എസ്. എഞ്ചിനീയേഴ്സ് എന്നീ കമ്പനികളെയുമാണ് ഏൽപ്പിച്ചത്.

(എഫ്) ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒപ്പുവച്ച കരാർ അനുസരിച്ചാണ് പണി ഏൽപ്പിച്ചത്.

(ജി) എസ്.എൻ.സി. ലാവലിനുമായുള്ള കരാർ തുക ഇപ്രകാരമാണ്:

കൺസൾട്ടൻസി ചാർജ്ജ്	-	7,190,000 കനേഡിയൻ ഡോളർ
സാധനങ്ങളുടെ വില	-	52,758,740 കനേഡിയൻ ഡോളർ

(ഐ) ബാധകമല്ല.

(ജെ. ആന്റ് കെ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ കരാർ നൽകിയതിൽ ക്രമക്കേടുണ്ട് എന്ന് നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിജിലൻസ് അന്വേഷണം നടന്നുവരുകയാണ്.

(എൽ—ഒ) ഇത് സംബന്ധിച്ച് നടന്നുവരുന്ന വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല.

കണ്ണൂർ ജില്ലയിൽ പുതിയതായി ആരംഭിക്കുന്ന മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ

178 [2671] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പുതിയതായി എവിടെയെല്ലാമാണ് മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ ആരംഭിക്കാൻ വൈദ്യുതിബോർഡ് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സാദ്ധ്യതാ പഠനത്തിന് ശേഷം സ്വകാര്യ മേഖലയ്ക്ക് അനുമതി നൽകുകയും പിന്നീട് ബോർഡ് നേരിട്ട് നടത്തുവാൻ നിശ്ചയിക്കുകയും ചെയ്ത വഞ്ചിയം പദ്ധതിക്ക് തുടർ നടപടികൾ നിർത്തിവയ്ക്കാനുള്ള കാരണം എന്താണെന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി പ്രവർത്തിക്ക് സ്റ്റേ വാങ്ങാൻ ബോർഡ് എന്നാണ് കോടതിയെ സമീപിച്ചത്; കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) വഞ്ചിയം പദ്ധതി സ്വകാര്യ മേഖലയിലോ ബോർഡ് നേരിട്ടോ നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വകാര്യ മേഖലയിൽ നടപ്പിലാക്കാനായി താഴെ പറയുന്ന പദ്ധതികൾ ശുപാർശ ചെയ്തിട്ടുണ്ട്:

	പദ്ധതി	സ്ഥാപിതശേഷി (മെഗാവാട്ട്)	ഉൽപ്പാദനശേഷി (മില്ല്യൺ യൂണിറ്റ്)
1.	അടയ്ക്കാത്തോട്	2.50	7.70
2.	കൊക്കമുല്ല്	2.00	4.80
3.	ചാത്തമല	1.00	2.80
4.	പേരുവ	2.00	5.00
5.	മുക്കട്ടത്തോട്	3.00	7.00
6.	പെരുമ്പാല	0.80	1.94
7.	ഹർലോങ്ങ് കര	0.35	1.04
8.	ഓടൻപുഴ	0.30	0.98
9.	ഹരിതീർത്ഥകര	0.10	0.25
10.	രണ്ടാംകടവ്	0.50	
11.	കാഞ്ഞിരക്കൊല്ലി	5.0	11.18
12.	ഉരുട്ടിപ്പുഴ	1.0	3.43
13.	കോഴിച്ചാൽ	0.75	1.82
14.	കൈതക്കൊല്ലി ഡൈവേർഷൻ	10.0	25.01

ഇതുകൂടാതെ ബാരാപ്പോൾ (21 മെഗാവാട്ട്-49 മില്ല്യൺ യൂണിറ്റ്) വാഞ്ചിയം (3 മെഗാവാട്ട്) എന്നീ പദ്ധതികൾ സ്വകാര്യ മേഖലയ്ക്കും കലങ്കി(0.8 മെഗാവാട്ട്-2.15 മില്ല്യൺ യൂണിറ്റ്) കണ്ണൂർ ജില്ലാപഞ്ചായത്തിനും അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ ബാരാപ്പോൾ, കലങ്കി എന്നീ പദ്ധതികൾക്കുള്ള അലോട്ട്മെന്റ് പിൻവലിക്കുകയുണ്ടായി. ഇവയ്ക്ക് പുറമേ ബാരാപ്പോൾ II (5 മെഗാവാട്ട്) പെരുത്തോടി (1.20 മെഗാവാട്ട്) മുരിക്കടവ് (5 മെഗാവാട്ട്) എന്നിവയുടെ പ്രാഥമിക ഇൻവെസ്റ്റിഗേഷൻ നടന്നു വരുന്നു.

(ബി) ബോർഡിന്റെ കരാർ റദ്ദാക്കൽ ഉത്തരവിനെതിരെ മെസ്സേഴ്സ് ഐഡിയൽ പ്രോജക്ട്സ് എന്ന കമ്പനി ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി സിംഗിൾ ബഞ്ച് 12-3-97-ലെ വിധി പ്രകാരം ബോർഡ് കരാർ റദ്ദാക്കിയത് തെറ്റാണെന്നും കമ്പനിയുമായി പവർ പർച്ചേസ് എഗ്രിമെന്റ് വയ്ക്കണമെന്നും അറിയിച്ചു. ഇതിനെതിരെ ബോർഡ് ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകിയിട്ടുണ്ട്. വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിലായതിനാൽ തുടർ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 11-6-1998-ൽ ഈ അപ്പീലിൻമേൽ ഇതുവരെയും ഹിയറിംഗ് നടന്നിട്ടില്ല.

(ഡി) ഹൈക്കോടതിയുടെ അന്തിമ തീരുമാനം വന്നതിനു ശേഷമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു.

ഭൂതത്താൻകെട്ട് മിനി ജല വൈദ്യുത പദ്ധതി

179 [2672] ശ്രീ. വി. ജെ പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം ആരാണ് ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഇതിന്റെ നിർമ്മാണം ഏത് ഘട്ടംവരെയായി എന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി മുടങ്ങിക്കിടക്കുകയാണെങ്കിൽ ഇതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; എങ്കിൽ എന്നത്തേക്ക് നിർമ്മാണം പുനരാരംഭിക്കാൻ കഴിയും;

(ഡി) കരാറുകാരൻ വീഴ്ച വരുത്തിയതാണെങ്കിൽ ബോർഡിന് നേരിട്ട് നിർമ്മാണം ഏറ്റെടുക്കാൻ കഴിയുമോ;

(ഇ) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) M/s SILCAL മെറ്റലെർജിക് ലിമിറ്റഡ്, കോയമ്പത്തൂർ എന്ന കമ്പനി.

(ബി) പദ്ധതിയുടെ പവർഹൗസിന്റെ ഫൗണ്ടേഷൻ എസ്കവേഷൻ 25 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

(സി) പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ 2.18 ഹെക്ടർ സ്ഥലം ജലസേചന വകുപ്പിൽ നിന്നും ലഭിക്കാത്തതിനെ തുടർന്നാണ് പദ്ധതി പ്രവർത്തനങ്ങൾ പ്രധാനമായും തടസ്സപ്പെട്ടത്. ഇത് ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. സ്ഥലം കൈമാറുന്നതിനുള്ള കരാർ 9-1-2004-ൽ ഒപ്പ് വച്ചു. പണികൾ പുനരാരംഭിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി ധനസമാഹരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) ബാധകമല്ല.

(ഇ) കൃത്യമായ തീയതി പണി ആരംഭിച്ചതിനുശേഷം മാത്രമേ പറയുവാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly